സർക്കാരിന്റെ ബാധ്യതകൾ

190 (536) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരാറുകാർക്കും വിവിധ ക്ഷേമ പെൻഷനുകൾക്കുമായി സർക്കാർ കൊടുത്തു തീർക്കേണ്ട കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ആർ.റ്റി.സി., കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് മെഡിക്കൽ കോർപ്പറേഷൻ എന്നിവയ്ക്ക് നൽകുവാനുള്ള തുക എത്ര ;

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ കുടിശ്ശിക എത്ര ; വിശദമാക്കാമോ ;

(ഇ) കർഷകർക്കും, സഹകരണ സംഘത്തിൽ നിന്നും വായ്പയെടുത്തവർക്കും സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി ഇനത്തിൽ കൊടുത്തു തീർക്കാനുള്ള തുകകൾ എത്ര ;

(എഫ്) ലാന്റ് അക്വസിഷൻ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള ബാദ്ധ്യതകൾ എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) ഭരണ വകുപ്പുകളിൽനിന്നും ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് (കെട്ടിടം, നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 30-11-2014 വരെ 1994.07 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെ 110.78 കോടി രൂപയും ഉൾപ്പെടെ 2104.85 കോടി രൂപ കരാറുകാർക്ക കുടിശ്ശികയായി നൽകുവാനുണ്ട്. ക്ഷേമപെൻഷൻ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി&സി) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) കർഷകതൊഴിലാളി പെൻഷൻ ഒഴികെ മറ്റ് സാമൂഹ്യ സുരക്ഷ പെൻഷനുകൾക്ക് 2015 ജനുവരി മുതൽ 2015 മാർച്ച് വരെ 269.11 കോടി രൂപയാണ് കുടിശ്ശിക. കർഷകതൊഴിലാളി പെൻഷൻ 2015 മാർച്ച് വരെ നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

(ഇ) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly